## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **12.10.2011-ൽ മറുപടിക്ക്**

**ചോദ്യം നം. 2891**

## സീഡ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സീഡ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | എ) സംസ്ഥാനത്തെ കൃഷിക്കാർക്ക് ആവശ്യമായ നെൽവിത്തിൻേറയും മറ്റ് വിത്തുകളുടേയും ഉൽപ്പാദനം, സംഭരണം, സംസ്കരണം, സൂക്ഷിപ്പ്, വിതരണം എന്നിവ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുക എന്നതാണ് വിത്തു വികസന അതോറിറ്റിയുടെ ചുമതല. കേരള കാർഷിക സർവ്വകലാശാല, സ്റ്റേറ്റ് സീഡ് ഫാമുകൾ, കൃഷി ഭവനുകൾ, പഞ്ചായത്തു തലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പാടശേഖര സമിതികൾ എന്നിവയുടെ സഹായത്തോടെയാണ് വിത്തുൽപ്പാദന പദ്ധതി നടപ്പിലാക്കുന്നത്. ആലപ്പുഴ, കോട്ടയം, എറണാകുളം തൃശ്ശൂർ, പാലക്കാട് , മലപ്പുറം, തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ 4000 ഹെക്ടർ സ്ഥലത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ബ്രീഡർ വിത്തുകൾ വാങ്ങി വിത്തുൽപ്പാദന കേന്ദ്രങ്ങളിൽ ഫൗണ്ടേഷൻ വിത്തുകൾ ഉൽപ്പാദിപ്പിച്ച് ഫൗണ്ടേഷൻ വിത്തിൽനിന്നും കർഷകർക്ക് ആവശ്യമായ സർട്ടിഫൈഡ് വിത്തുകൾ ഉൽപ്പാദിപ്പിക്കുകയും സംഭരിക്കുകയും സംസ്ഥാനം മുഴുവനും കർഷകർക്കാവശ്യമായ വിത്തു വിതരണം നടത്തുകയും ചെയ്യുന്നത് സീഡ് അതോറിറ്റിയാണ്. |

| | | | |
|---|---|---|---|
| ബി) | കേരളത്തിന്റെ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ വിത്തിനങ്ങൾ വികസിപ്പിക്കാനും നിലവിലുള്ളവ സംരക്ഷിക്കുവാനും എന്തു പ്രവർത്തനങ്ങളാണ് സീഡ് അതോറിറ്റി നടപ്പിലാക്കുന്നതെന്നു വ്യക്തമാക്കുമോ; | ബി) | കേരളത്തിൻെറ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ വിത്തിനങ്ങൾ കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ ഫലമായാണ് വികസിപ്പിച്ചെടുക്കുന്നത്. അങ്ങനെ വികസിപ്പിച്ചെടുക്കുന്ന ബ്രീഡർ സീഡ് കൃഷി വകുപ്പിൻെറ ഫാമുകളിൽ ഫൗണ്ടേഷൻ സീഡായി വർദ്ധിപ്പിച്ച് രജിസ്റ്റേർഡ് വിത്തുൽപ്പാദകരുടെ പാടശേഖരങ്ങളിൽ കൃഷി ചെയ്ത് സർട്ടിഫൈഡ് സീഡാക്കി കേരളത്തിലെ എല്ലാ നെൽക്കൃഷിയിടങ്ങളിലും എത്തിക്കുന്നു. |
| സി) | കേരളത്തിന്റെ തനതു വിത്തിനങ്ങൾക്ക് പേറ്റന്റ് നേടിയെടുക്കുന്നതിന് എന്തെല്ലാം ശ്രമങ്ങളാണ് സീഡ് അതോറിറ്റി കൈക്കൊണ്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ ? | സി) | പേറ്റൻറ് നേടിയെടുക്കുന്നത് സീഡ് അതോറിറ്റിയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നതല്ല. |

**സെക്ഷൻ ഓഫീസർ**